# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4673 29/06/2012-ൽ മറുപടി നല്കേണ്ടിയിരുന്നത്

## മാവേലിക്കര മണ്ഡലത്തിലെ തഴക്കര പഞ്ചായത്തിലുള്ള ഹോർട്ടിക്കോർപ്പ്

**ചോദ്യം**

ശ്രീ. ആർ. രാജേഷ്

**മറുപടി**

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര പഞ്ചായത്തിലുള്ള ഹോർട്ടിക്കോർപ്പിന്റെ സ്ഥാപനത്തിൽ ആവശ്യമായ മെഷീനുകൾ ഇല്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള പണം ഹോർട്ടികോർപ്പിനുണ്ടോ; വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

ബി) സർക്കാർ നെൽകൃഷിക്കുള്ള പമ്പിംഗ് സബ്സിഡി വർദ്ധിപ്പിച്ചിട്ടുണ്ടോ; നിലവിൽ എത്രയാണ് തുക; ഇത്തവണത്തെ തുക മാവേലിക്കര മണ്ഡലത്തിൽ വിതരണം ചെയ്തോ; തുക എത്രയാണ്; എത്ര ഏക്കറിനുള്ള തുക വിതരണം ചെയ്തു;

സി) പൂട്ടുകൂലി, വളം, വിത്ത് എന്നിവ കൊടുത്തതിന് ആനുപാതികമായി പമ്പിംഗ് സബ്സിഡി കൊടുത്തോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

എ) മാവേലിക്കര ഹോർട്ടിക്കോർപ്പിന്റെ ബീകീപ്പിംഗ് കൺസോർഷ്യം ആന്റ് ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനത്തിന് ആവശ്യമായുള്ള ഉപകരണങ്ങൾ പ്രസ്തുത സ്ഥാപനത്തിൽ ഇപ്പോൾ നിലവിലുണ്ട്.

ബി& സി) നെൽകൃഷിക്കുള്ള പമ്പിംഗ് സബ്സിഡി സർക്കാർ റവന്യൂ വകുപ്പ് വഴിയാണ് നടപ്പിലാക്കി വരുന്നത്. സർക്കാർ നെൽകൃഷിക്കുള്ള പമ്പിംഗ് സബ്സിഡി വർദ്ധിപ്പിച്ചിട്ടില്ല. ഓരോ പാടശേഖരത്തിനും പുഞ്ച സ്പെഷ്യൽ റൂളിലെ റൂൾ 28(4) പ്രകാരം നിശ്ചയിച്ചിട്ടുള്ള വ്യത്യസ്തമായ സബ്സിഡി നിരക്കുകളാണ് നിലവിലുള്ളത്. 2012-13 സാമ്പത്തിക വർഷത്തിൽ പമ്പിംഗ് സബ്സിഡിക്കുള്ള അപേക്ഷകളൊന്നും തന്നെ മാവേലിക്കര മണ്ഡലത്തിന്റെ പരിധിയിലുള്ള പാടശേഖരങ്ങളിൽ നിന്നും ലഭിച്ചിട്ടില്ല എന്ന് പുഞ്ച സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

| | | | |
|---|---|---|---|
| ഡി) | എത്ര ഏക്കറിലേയ്ക്കുള്ള പൂട്ടുകൂലി, വിത്ത്, വളം എന്നിവയാണ് മാവേലിക്കരമണ്ഡലത്തിലെ കൃഷി ആഫീസ് വഴി കൊടുത്തത് ; | ഡി) | മാവേലിക്കര മണ്ഡലത്തിലെ കൃഷി ആഫീസുകൾ വഴി 850 ഹെക്ടറിലേയ്ക്കുള്ള പൂട്ടുകൂലി, വിത്ത്, വളം എന്നിവയാണ് കർഷകർക്ക് നൽകിയിട്ടുള്ളത്. |
| ഇ) | ഇത്രയും ഏക്കറിൽ കൃഷി നടന്നിട്ടുണ്ടോ എന്ന് പരിശോധന നടത്തിയിട്ടുണ്ടോ; ഇത്രയും സ്ഥലത്ത് കൃഷി നടത്തുന്നതിലേയ്ക്കായി മാവേലിക്കര മണ്ഡലത്തിലെ കൃഷി ആഫീസർമാർ ഇടപെടുന്നുണ്ടോ; സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | ഇ) | കൃഷി ഓഫീസർമാർ ഫീൽഡ് പരിശോധന നടത്തി 850 ഹെക്ടറിൽ കൃഷിചെയ്തിട്ടുണ്ടെന്ന് ബോധ്യം വന്നിട്ടുള്ളതാണ്. എല്ലാ കാർഷിക പ്രവർത്തനങ്ങളും കൃഷി ഓഫീസർമാർ മോണിട്ടർ ചെയ്യുകയും ആവശ്യ ഘട്ടങ്ങളിൽ ഇടപെടുകയും ചെയ്യുന്നു. ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറും കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ജലപരിപാലനം) ഉം പദ്ധതികളുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തുന്നു. |
| എഫ്) | പമ്പിംഗ് സബ്സിഡി കുട്ടനാട്ടിലും ഓണാട്ടുകരയിലും വ്യത്യസ്തമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓണാട്ടുകരയിലേത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | എഫ്) | ഓരോ പാടശേഖരത്തിനും പുഞ്ചസ്പെഷ്യൽ റൂളിലെ റൂൾ 28(4) പ്രകാരം നിശ്ചയിച്ചിട്ടുള്ള വ്യത്യസ്തമായ നിരക്കുകളാണ് നിലവിലുള്ളത്. അതിനാലാണ് കുട്ടനാട്ടിലും ഓണാട്ടുകരയിലും പമ്പിംഗ് സബ്സിഡി വ്യത്യാസപ്പെട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ